## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2742 — 14.12.2015 -ലെ മറുപടിക്ക്.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളിലും ക്ഷേമനിധി ബോർഡുകളിലും 10 വർഷമായി ജോലി നോക്കുന്ന എത്ര താല്ക്കാലിക ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തിയതെന്നു ഇനം തിരിച്ച് വ്യക്തമാക്കുമോ ; | (എ) ക്ഷേമനിധി ബോർഡുകളിൽ മൂന്നുപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. കേരള ചുമട്ടു തൊഴിലാളി ക്ഷേമ നിധി ബോർഡിൽ സർക്കാരിന്റെ 27/07/2015 തീയതിയിലെ ജി.ഒ (എം.എസ്.) നമ്പർ.96/2015/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ദിവസ വേതനത്തിൽ ജോലി ചെയ്തിരുന്ന ഒരാളെ 01/06/2015-ന് പാലാ ഉപകാര്യാലയത്തിൽ സ്ഥിരപ്പെടുത്തി നിയമിച്ചിട്ടുണ്ട്. കേരള കൈതൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പ ദ്ധതിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ജോലി നോക്കിയിരുന്ന വികലാംഗർക്ക് പുന:/സ്ഥിര നിയമനം നൽകിയതുവഴി ഒരു ക്ലാർക്കിനെ 27/09/2013 മുതൽ സ്ഥിരനിയമനം നൽകി നിയമിച്ചിട്ടുണ്ട്. കേരള ചെറുകിട തോട്ടം തൊഴിലാളി ബോർഡിൽ ജി.ഒ(പി) 40/13 സാമൂഹിക നീതി വകുപ്പ് തീയതി 18.05.2013 പ്രകാരം എംപ്ലോയ്മെന്റ് വഴി പ്രവൃത്തിയെടുത്ത ഒരാളെ സ്ഥിരപ്പെടുത്തിയിട്ടു ണ്ട്. റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് ൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താത്കാലിക ജീനവക്കാരായിരുന്ന ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. |
| (ബി) കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ 10 വർഷമായി ജോലി നോക്കിയിരുന്നവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; അവരെ സ്ഥിരപ്പെടുത്തണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ടോ ; | (ബി) ഇല്ല. കോടതി നിർദ്ദേശം ലഭിച്ചിട്ടില്ല. |
| (സി) ആയതിൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ? | (സി) ഉത്തരം ബി യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ